

WEDNESDAY 23/04/2025 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor: Haripriya Devi VV (I/C)** **Editor: Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 23/04/2025

1. കേരളത്തിലെ എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി വിഎഫ്പി സി കെ യുടെ അഗ്രോ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കു മെന്ന് കൃഷിമന്ത്രി പി പ്രസാദ്. നിയോജക മണ്ഡലം അടിസ്ഥാനത്തിലും ബ്ലോക്ക് അടി സ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപ നങ്ങളുടെയും മറ്റു ജനപ്രതിനിധികളുടെയും സഹകരണത്തോടെ ഇത്തരം പദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കു മെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിൻ്റെ സഹായത്തോടെ കാക്കനാടിൽ നിർമ്മാണം പൂർത്തിയായ വിഎഫ്പിസികെ തളിർ അഗ്രി ഹൈപ്പർ മാർക്കറ്റിന്റെയും പ്രതിവർഷം 10 ലക്ഷം ടി ഷ്യൂകൾച്ചർ വാഴതൈകൾ ഉല്പാദിപ്പിക്കു വാൻ കഴിയുന്ന ടിഷ്യുകൾച്ചർ ലാബിന്റെ യും, കർഷകർക്ക് പരിശീലനം നൽകുന്ന തിനായി നിർമ്മിച്ച മൈത്രി ടെയിനിങ് ആന്റ് ഇൻഫർമേഷൻ സെൻ്ററിന്റെയും ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

2. സംസ്ഥാന നാളികേര വികസന പദ്ധതികളുടെ ഭാഗമായി പത്താമുദയമായ ഇന്ന് (ഏപ്രിൽ 23 ന്) നെടിയ ഇനം (ഡബ്ല്യൂസിറ്റി) തെങ്ങിൻ തൈകൾ അല്ലെങ്കിൽ സങ്കരയിനം തെങ്ങിൻ തൈകൾ കൃഷിഭവനുകളിൽ നിന്നും വിതരണം ചെയ്യും. ഒഴിഞ്ഞുകിടക്കുന്ന പുരയിടങ്ങളിലും ഇടവിള വിസ്തീർണ്ണം അധികമുള്ള തെങ്ങിൻ പുരയിടങ്ങളിലും അടിത്തെയായി നടുന്നതിന് കർഷകർക്ക് ഈ അവസരം ഉപയോഗിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. സബ്സിഡി നിരക്കിൽ ഡബ്ല്യൂസിറ്റി തൈ ഒന്നിന് 50 രൂപയ്ക്കും സങ്കരയിനം തൈ ഒന്നിന് 125 രൂപയ്ക്കുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കർഷകർ കൃഷിഭവനിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

3. പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിൽ ഇന്ന് (ഏപ്രിൽ 23 ന്) രാവിലെ 11 മുതൽ വൈകിട്ട് മൂന്നു വരെ കാർപ്പ്, ഗിഫ്റ്റ്, തിലാപ്പിയ ഇനം മത്സ്യകുഞ്ഞുങ്ങൾ, അലങ്കാര ഇനം മത്സ്യങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04682214589.

4. റബ്ബർ നടീലിനുള്ള മുന്നൊരുക്കങ്ങളായ കോണ്ടൂർ ലൈനിങ്, കുഴിയെടുപ്പ്, നിരപ്പുതട്ടുകളുടെ നിർമാണം എന്നിവയെക്കുറിച്ചും തൈനടീലിനെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് 2025 ഏപ്രിൽ 23 ബുധനാഴ്ച രാവിലെ പത്തു മണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും. കോൾ സെന്റർ നമ്പർ 0481 2576622.

5. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ. ഐ.ആർ.റ്റി.) മോളിക്യുലാർ ബയോളജി & ബയോടെക്നോളജി ടെക്നിക്ക്സിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്തുള്ള എൻ.എെ.ആർ.റ്റി.-യിൽ വെച്ച് 2025 മെയ് 07ാം തീയതി ആരംഭിക്കുന്ന കോഴ്സിന്റെ കാലാവധി മൂന്നു മാസമാണ്. കോഴ്സിൽ പങ്കെടുക്കാവുന്നവരുടെ എണ്ണം പതിനഞ്ചായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ജീവശാസ്ത്രശാഖകളിൽ ബിരുദമോ ബിരുദാനന്തരബിരുദമോ ഉള്ളവർ, ഗവേഷകർ, മോളിക്യുലാർ ബയോളജിയുമായോ ബയോടെക്നോളജിയുമായോ ബന്ധപ്പെട്ട മേഖലകളിൽ ജോലികളിൽ ഏർപ്പെടാൻ താൽപര്യമുള്ളവർ തുടങ്ങിയവർക്കെല്ലാം കോഴ്സിൽ ചേരാം. അപേക്ഷ 2025 മെയ് 01-ന് മുമ്പായി നൽകണം. എക്സ്ട്രാക്ഷൻ ഒാഫ് ന്യൂക്ളിക് ആസിഡ്സ് (ഡി.എൻ.എ., ആർ.എൻ.എ.), ജീൻ ക്ലോണിങ്, ജീൻ സീക്വൻസിങ്, ജീൻ എക്സ്പ്രഷൻ, ഡെവലപ്മെന്റ് ഒാഫ് ട്രാൻസ്ജെനിക്ക്സ് എന്നിങ്ങനെ

അവശ്യം വേണ്ട മോളിക്യുലാർ ടെക്നിക്കുകളിൽ പ്രായോഗികപരിചയം നൽകുക എന്നതും ഈ കോഴ്സിന്റെ ലക്ഷ്യങ്ങളിൽപെടുന്നു. വിജയകരമായി കോഴ്സ് പൂർത്തീകരിക്കുന്നവർക്ക് അനുബന്ധമേഖലകളിൽ ഗവേഷണം നടത്തുന്നതിനും തൊഴിലുകൾ ചെയ്യുന്നതിനും ആവശ്യമായ കഴിവ് ആർജിക്കാൻ കഴിയും. കോഴ്സ് സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 0481 2351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇ-മെയിൽ: training@rubberboard.org.in

**പരിശീലന പരിപാടി**

6. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ രജിസ്റ്റർ ചെയ്ത കർഷകർക്കുവേണ്ടി 'കറവപ്പശു പരിപാലനം, വേനൽക്കാല പരിചരണവും ഇൻഷുറൻസ് പരിരക്ഷയും'എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. 2025 ഏപ്രിൽ26 ശനിയാഴ്ച രാവിലെ 11 മണിക്ക് ഗൂഗിൾ മീറ്റ് വഴിയാണ് പരിശീലനം. പരിശീലനത്തിന് പങ്കെടുക്കാൻ താൽപ്പര്യമുള്ള കർഷകർ 0494-296 2296എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സുരക്ഷിത ഭക്ഷണം നമ്മുടെ അവകാശം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈന് പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2025 മെയ് 15** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവര് **മെയ് 14** നകം ഈ കോഴ്സിൽ രജിസ്റ്റര് ചെയ്യേണ്ടതാണ്. 20 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. ഒൻപത്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഇതിനായി കമ്പ്യൂട്ടർറോ മൊബൈൽ ഫോണോ (സ്മാർട്ട് ഫോൺ) ഉപയോഗിക്കാം. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് ആവശ്യമെങ്കില് സർട്ടിഫിക്കറ്റും നൽകുന്നതാണ്. സർട്ടിഫിക്കറ്റിന് നിശ്ചിത ഫീസ് ഈടാക്കുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റര് ചെയ്യാം. രജിസ്റ്റർ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങള് മേല് പറഞ്ഞ ലിങ്കില് ലഭ്യമാണ്. രജിസ്റ്റർ ചെയ്തവർക്ക് **മെയ് 15** മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസര് ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളില് പങ്കെടുക്കാം.

8. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഏപ്രിൽ 24, 25 തീയതികളിൽ ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഇടി ചക്ക, പച്ച ചക്ക, പഴുത്ത ചക്ക, ചക്കക്കുരു എന്നിവയിൽ നിന്നുള്ള വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ ആണ് പരിശീലിപ്പിക്കുന്നത്. താല്പര്യമുള്ളവർ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0479-2449268, 0479-2959268, 9447790268.